പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4010 16.12.2014-ൽ മറുപടിയ്ക്ക്

# ഇടുക്കി മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ. എസ്. ഇ. ബി സബ്സ്റ്റേഷൻ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ :

(എ) ഇടുക്കി നിയോജക മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ. എസ്. ഇ. ബി സബ്സ്റ്റേഷന്റെ അഭിവൃദ്ധിക്കായി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ 110 കെ. വി. ആയി ഉയർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നോ ; ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയ ക്ലിപ്തത നിശ്ചയിച്ചിരുന്നോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ഡി) മുരിക്കാശ്ശേരി 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം 2006 – ൽ വൈദ്യുതി ബോർഡ് വാങ്ങിക്കുകയും നിരപ്പാക്കി ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) (സി) & (ഡി) മുരിക്കാശ്ശേരിയിൽ നിർമ്മിക്കാൻ അനുമതി നൽകിയ 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കി ഉയർത്തി നിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം (proposal) ഇടക്കാലത്ത് വന്നിരുന്നു. എന്നാൽ ഇതിനകം കുത്തുങ്കലിൽ ഒരു 110 കെ.വി സബ്സ്റ്റേഷനും, സേനാപതിയിൽ ഒരു 33 കെ.വി സബ്സ്റ്റേഷനും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുള്ള സാഹചര്യത്തിലും 110 കെ.വി ലൈൻ വലിയ്ക്കുന്നതിനെതിരായുള്ള എതിർപ്പും ഉപഭോക്താക്കളുടെ എണ്ണവും കണക്കിലെടുത്തും ആദ്യം നിർദ്ദേശിക്കപ്പെട്ടതുപോലെ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ പരിഗണനയിലുള്ളത്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.